**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 597** | **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ട്രഷറികളിലെ സ്ഥിരനിക്ഷേപം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** |

**ചോദ്യം (എ)** സംസ്ഥാനത്തെ ട്രഷറികളിൽ സർക്കാർ ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സ്ഥിര നിക്ഷേപ ഇനത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ടെന്നും പരമാവധി എത്ര വർഷത്തേയ്ക്കാണ് നിക്ഷേപം സ്വീകരിക്കുന്നതെന്നും നിക്ഷേപങ്ങൾക്ക് നൽകുന്ന പലിശ എത്രയാണെന്നും വ്യക്തമാക്കാമോ;

**ഉത്തരം (എ)** 30.11.2022 തീയതിയിലെ കണക്കനുസരിച്ച് വ്യക്തിഗത (സർക്കാർ ജീവനക്കാരുടെ / പൊതുജനങ്ങളുടെ) സ്ഥിര നിക്ഷേപമായി 39,335,56,29,424/- രൂപയും വിവിധ സ്ഥാപനങ്ങളുടെ സ്ഥിര നിക്ഷേപമായി 22,309,72,43,750/- രൂപയും നീക്കിയിരുപ്പുണ്ട്. പരമാവധി 10 വർഷത്തേക്കാണ് സ്ഥിര നിക്ഷേപം സ്വീകരിക്കുന്നത്.

ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിന്റെ നിലവിലെ പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

46 ദിവസം മുതൽ 90 ദിവസം വരെ - 5.4 %

91 ദിവസം മുതൽ 365 ദിവസം വരെ - 5.9%

366 ദിവസം മുതൽ 2 വർഷം വരെ - 6.4%

2 വർഷത്തിന് മുകളിലോട്ട് - 7.5%

**ചോദ്യം (ബി)** കഴിഞ്ഞ 5 വർഷത്തിൽ സ്ഥിരനിക്ഷേപത്തിലെ വർദ്ധനവ് ക്രമമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും ഓരോ വർഷവും ലഭിച്ച നിക്ഷേപവും ആ വർഷത്തെ സ്ഥിര നിക്ഷേപത്തിലെ മൊത്തം ബാക്കിയുമെത്ര വീതമെന്നും അറിയിക്കുമോ;

**ഉത്തരം (ബി)** സ്ഥിര നിക്ഷേപത്തിലെ വർദ്ധനവ് വിലയിരുത്താറുണ്ട്.

കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച നിക്ഷേപവും അതാത് സാമ്പത്തിക വർഷത്തിലെ നീക്കിയിരുപ്പും ചുവടെ ചേർക്കുന്നു.

വ്യക്തിഗത സ്ഥിരനിക്ഷേപം

| സാമ്പത്തിക വർഷം | ലഭിച്ചിട്ടുള്ള നിക്ഷേപം | നിക്ഷേപം പിൻവലിച്ചത് | വർദ്ധനവ് (+)/ കുറവ് (-) മുൻ വർഷത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2017-18 | 56250102232 | 13049506920 | NA* | 38865880874 |
| 2018-19 | 62890204522 | 19976483517 | 6640102290 | 81779601879 |
| 2019-20 | 83772850305 | 36106087482 | 20882645783 | 129446364702 |
| 2020-2021 | 162476465821 | 42124812895 | 78703615516 | 249798017628 |
| 2021-22 | 154034912574 | 58595408036 | -8441553247 | 345237522166 |
| 01.04.2022 to 30.11.2022 | 79549961864 | 31431854606 | -74484950710 | 393355629424 |

(NA* IFMS നടപ്പിലാക്കുന്നതിന് മുൻപുള്ള കണക്ക് ആയതിനാൽ വിവരം ട്രഷറികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.)

നടപ്പ് സാമ്പത്തിക വർഷവും കഴിഞ്ഞ സാമ്പത്തിക വർഷവും മുൻ വർഷങ്ങളെ അപേക്ഷിച്ച് നിക്ഷേപത്തിൽ കുറവ് വന്നിരുന്നു. എന്നാൽ ആകെ നിക്ഷേപ തുക കൂടിയിട്ടുണ്ട്. അതായത് ഓരോ മാസവും നിക്ഷേപം പിൻവലിക്കുന്നതിനേക്കാൾ കൂടുതലായിട്ട് നിക്ഷേപം ലഭിക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെ സ്ഥിര നിക്ഷേപ കണക്ക് വിവരം കൂടി ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലഭിച്ചിട്ടുള്ള നിക്ഷേപം | നിക്ഷേപം പിൻവലിച്ചത് | വർദ്ധനവ് (+)/ കുറവ് (-) മുൻ വർഷത്തെ നിക്ഷേപവുമായി താരതമ്യം ചെയ്യുമ്പോൾ | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2017-18 | 87911225694 | 48900360379 | NA* | 87006740957 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2018-19</td><td>118829613410</td><td>89487477608</td><td>30918387716</td><td>116348876759</td></tr>
<tr><td>2019-20</td><td>117938450343</td><td>87513296925</td><td>-891163067</td><td>146774030177</td></tr>
<tr><td>2020-2021</td><td>122461042370</td><td>96548858708</td><td>4522592027</td><td>172686213839</td></tr>
<tr><td>2021-22</td><td>73229941835</td><td>41613134753</td><td>-49231100535</td><td>204303020921</td></tr>
<tr><td>01.04.2022 to 30.11.2022</td><td>40056462527</td><td>21262239698</td><td>-33173489308</td><td>223097243750</td></tr>
</table>
(NA* IFMS നടപ്പിലാക്കുന്നതിന് മുൻപുള്ള കണക്ക് ആയതിനാൽ വിവരം ട്രഷറികളിൽ നിന്നും ശേഖരിക്കേണ്ടതുണ്ട്.)
</td>
</tr>
<tr>
<td>(സി)</td>
<td>സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് പിൻവലിക്കുന്ന പ്രവണത കണ്ടുവരുന്നുണ്ടോ; എങ്കിൽ ഈ വർഷം എത്ര പേരാണ് കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് നിക്ഷേപം പിൻവലിച്ചത്; നിക്ഷേപകരെ ആശങ്കപ്പെടുത്തുന്ന തരത്തിലുള്ള സാമ്പത്തിക ഞെരുക്കം സർക്കാരിനുണ്ടോ; വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>ഗുണഭോക്താവിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സ്ഥിര നിക്ഷേപം കാലാവധി പൂർത്തിയാകുന്നതിനു മുൻപ് പിൻവലിക്കുന്നത് കണ്ടുവരാറുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 30.11.2022 വരെ 34899 സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാക്കുന്നതിനു മുൻപ് പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആകെ നിക്ഷേപത്തിൽ കുറവ് വന്നിട്ടില്ല. നിക്ഷേപകർക്ക് ആശങ്കയുണ്ടാകുന്ന യാതൊരു സാഹചര്യവും നിലവിലില്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ